കേരള സർക്കാർ

# സംസ്ഥാന വരുമാനം-ഒരാമുഖം

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
തിരുവനന്തപുരം

കേരള സർക്കാർ

# സംസ്ഥാന വരുമാനം-ഒരാമുഖം

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
തിരുവനന്തപുരം

37/1761/2007/DTP.

# ആമുഖം

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, സംസ്ഥാന വരുമാനം കണക്കാക്കുന്ന അതിപ്രധാനമായ ജോലി നിർവ്വഹിച്ചു വരുന്നു. സങ്കീർണ്ണവും ഒപ്പം ഗഹനവുമായ ഈ ജോലികൾ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് നിർവ്വഹിച്ചുവരുന്നത്. സി. എസ്സ്. ഒ. ഇത് സംബന്ധിച്ച് വളരെ വിശദമായ മാർഗ്ഗ രേഖകളാണ് തയ്യാറാക്കി നൽകിയിട്ടുള്ളത്. ഇതാകട്ടെ ഐക്യരാഷ്ട്ര സംഘടനയുടെ നാഷണൽ സിസ്റ്റംസ് ഓഫ് അക്കൗണ്ട്സിന്റെ ചുവടെ പിടിപ്പിച്ചിട്ടുള്ളതാണ്. ഗഹനമായി പഠിക്കുന്നവർക്ക് ഇവ മനസ്സിലാക്കുവാൻ പ്രയാസമില്ലെങ്കിലും ഒരു സാധാരണക്കാരന് അത്ര പെട്ടെന്ന് സംസ്ഥാന വരുമാനക്കണക്കുകൾ സംബന്ധിച്ച വിവിധ പദങ്ങളും നിർവചനങ്ങളും മനസ്സിലായെന്നു വരില്ല. ഇവയൊക്കെ ഒരു സാധാരണക്കാരന് മനസ്സിലാവുന്ന രീതിയിൽ അർത്ഥവ്യാപ്തിയിൽ മാറ്റമില്ലാതെ മലയാളത്തിൽ ആക്കിയെടുക്കുകയെന്നത് പ്രയാസമാണ് എങ്കിലും ഇങ്ങനെ ഒരു ദൗത്യം ഡിപ്പാർട്ടുമെന്റിലെ സംസ്ഥാന വരുമാന യൂണിറ്റ് ഏറ്റെടുക്കുകയും വളരെ ബൃഹത്തല്ലെങ്കിലും സംസ്ഥാന വരുമാനത്തെ സംബന്ധിച്ച് ഒരു ഏകദേശ ധാരണയുണ്ടാവുന്ന തരത്തിൽ ഒരു പുസ്തകം തയ്യാറാക്കുകയുണ്ടായി. സംസ്ഥാന വരുമാനത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. വിശ്വനാഥൻ തന്റെ സഹപ്രവർത്തകരുടെ സഹായത്തോടും, ശ്രീ. രാജേന്ദ്രൻ, അഡീഷണൽ ഡയറക്ടർ, ശ്രീ. അശോകൻ, അഡീഷണൽ ഡയറക്ടർ എന്നിവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും സംസ്ഥാന വരുമാനത്തിനെ സംബന്ധിച്ച ഈ ലഘുപുസ്തകം രൂപപ്പെടുത്തി. സംസ്ഥാന വരുമാനമെന്തെന്നും, ഇത് തയ്യാറാക്കുന്ന രീതികളും വളരെ ലളിതവും പെട്ടെന്ന് മനസ്സിലാവുന്ന തരത്തിലും തയ്യാറാക്കിയിക്കുന്ന ഈ പുസ്തകം ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്കും ഈ വിഷയത്തിൽ താത്പര്യമുള്ളവർക്കും സഹായകമായിരിക്കുമെന്നതിൽ സംശയമില്ല. ഈയവസരത്തിൽ ഈ പ്രവർത്തനവുമായി സഹകരിച്ച എല്ലാവരേയും ഞാൻ അനുമോദിക്കുന്നു.

ഈ പുസ്തകത്തെ ഇനിയും പുഷ്ടിപ്പെടുത്തുന്നതിനും മറ്റുമുള്ള നിർദ്ദേശങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു.

*ഡയറക്ടർ.*

## ദേശീയ വരുമാനം - ഉത്ഭവം

ലോകത്തിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന്റെ അനിവാര്യമായ കാര്യങ്ങളിൽ പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങൾ വായു, വെള്ളം, വെളിച്ചം (ഊർജ്ജം) എന്നിവയാണെന്ന് നമുക്കറിയാം. ഇവയോടൊപ്പം മറ്റ് പല ഘടകങ്ങൾ കൂടി കൃത്യമായി ഇണങ്ങിയതിനുശേഷം മാത്രമാണ് പ്രകൃതിയിൽ ജീവൻ ഉത്ഭവിച്ചത്. ഈ ജീവൻ നിലനിർത്താൻ ഇപ്പറഞ്ഞ മൂന്ന് കാര്യങ്ങളും വേണ്ടുവോളം പ്രകൃതി സൃഷ്ടിച്ചിട്ടുമുണ്ട്. എന്നാൽ ജീവനും, തുടർന്ന് മനുഷ്യനും രൂപപ്പെട്ടപ്പോൾ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടേയും നിലനിൽപ്പ് മുന്നോട്ട് കൊണ്ട് പോകാൻ മറ്റ് ചില കാര്യങ്ങൾ കൂടി അവശ്യമായി വന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭക്ഷണം.

### പ്രാഥമിക മേഖല

ആദ്യകാലം മുതൽ മനുഷ്യൻ ഭക്ഷണമായി ഉപയോഗിച്ച് വരുന്നത് അവനു ചുറ്റും പ്രകൃതിയിൽ തന്നെ കണ്ടുവരുന്ന ചെടികളും അവയുടെ വിളകളും (കായ്കനികൾ) ആണ്. അവ ഭക്ഷിച്ച് ജീവൻ നിലനിർത്താൻ സാധിച്ചു. എന്നാൽ പ്രകൃതിയിൽ കണ്ട കായ്കനികളിൽ ഭക്ഷണയോഗ്യമായവ തിരിച്ചറിയാൻ എത്രയോ പൂർവ്വിക മനുഷ്യർ

ജീവൻ കളഞ്ഞിട്ടുണ്ട്! ഇത്തരം പരീക്ഷണങ്ങളെ അതിജീവിച്ച മനുഷ്യഗണം കൃത്യമായ, ഭക്ഷണയോഗ്യമായ ധാന്യ വിളകളെ തിരിച്ചറിഞ്ഞു. എന്നാൽ മനുഷ്യരുടെ എണ്ണം കൂടി വന്നപ്പോൾ പ്രകൃതിയിൽനിന്നും വെറുതെ കിട്ടുന്ന വിളകളുടെ ലഭ്യത പ്രശ്നങ്ങൾ സൃഷ്ടിച്ചു. നദീതീരങ്ങൾ കേന്ദ്രമാക്കി ജീവിച്ചുവന്ന മനുഷ്യർ അവിടം വിട്ടകന്ന് ജീവിക്കാൻ നിർബന്ധിതമായപ്പോൾ വിളകൾ ഉത്പാദിപ്പിക്കുന്ന ചെടികളെ ആസൂത്രണം ചെയ്ത് വളർത്തി-കൃഷി ചെയ്ത് -ഭക്ഷണം ഉൽപാദിപ്പിക്കുന്നതിൽ വിജയിച്ചു. അതിനായി ജലസേചന മാർഗ്ഗങ്ങളും കണ്ടുപിടിച്ചു. ആദ്യം വെള്ളം കോരി നനച്ചും, പിന്നീട് മുളം കുഴലിലൂടെ ദൂരെ എത്തിച്ചു, ചാലുകൾ നിർമ്മിച്ചും എല്ലാ ജലത്തെ അവന്റെ കൃഷി ഭൂമിയിൽ എത്തിച്ചു. ഒപ്പം കിണറുകൾ കുഴിച്ച് വെള്ളം ഭൂമിക്കുള്ളിൽ നിന്നും പുറത്തെടുത്തു. ക്രമേണ മനുഷ്യൻ ശാസ്ത്രീയ കൃഷിരീതി വികസിപ്പിച്ചു. കൃഷി മനുഷ്യന്റെ നിലനിൽപ്പിനാവശ്യമായ തൊഴിലായി വളർന്നു. ആവശ്യമായ ചെടികളെ കൂടുതലായി കൃഷി ചെയ്ത് ഭക്ഷണ വിളകൾ ഉണ്ടാക്കുവാനും അവ ശേഖരിച്ച് വെച്ച് (Storage) ഉപയോഗിക്കാനും ശീലിച്ചു. ഇന്ന് ഇന്ത്യയിൽ കൃഷി ചെയ്ത് വിളയിക്കുന്ന പ്രധാന വിളകൾ 205 എണ്ണമാണ്.

മനുഷ്യന് മുന്നേ തന്നെ പ്രകൃതിയിൽ ഉണ്ടായിരുന്ന പക്ഷിമൃഗാദികളിലെ ചില ഇനങ്ങളുടെ മാംസവും, പാലും, മുട്ടയുമെല്ലാം മനുഷ്യനും ഭക്ഷണമായി ഉപയോഗിക്കാമെന്ന്

കണ്ടറിഞ്ഞു. അതിനായി മൃഗങ്ങളേയും പക്ഷികളേയും മനുഷ്യൻ ഭക്ഷണത്തിന് ഉപയോഗിച്ച് തുടങ്ങി. ഇതിനു വേണ്ടി പക്ഷി/മൃഗസംരക്ഷണം മനുഷ്യൻ തൊഴിലാക്കി. ഇവയുടേയും നിലനില്പിന്നാധാരം സസ്യലതാദികളും, കനികളും തന്നെയായതിനാൽ ഇവ കൃഷിയനുബന്ധഘടകം (Agriculture Allied) തന്നെയാണ്. കൗതുകത്തിനായി മത്സ്യങ്ങളെ പിടിച്ചുരസിച്ച മനുഷ്യൻ പിന്നീട് അവയും ഭക്ഷ്യയോഗ്യമാണെന്ന് കണ്ടു. മത്സ്യ ബന്ധനവും അങ്ങനെ മനുഷ്യന്റെ തൊഴിലായി മാറി.

കൃഷിക്കും, മൃഗങ്ങളെ വളർത്താനും പിടിക്കാനുമെല്ലാമായി മനുഷ്യൻ വനത്തെയും ഉപയോഗിച്ച് തുടങ്ങി. അല്ലെങ്കിൽ തന്നെ വനമായിരുന്നല്ലോ മനുഷ്യന്റെ ആദ്യ ഭവനം. ചക്രങ്ങൾ കണ്ടു പിടിക്കുംമുൻപ് സാധനങ്ങൾ മാറ്റാനായി മരത്തടികൾ (log) ഉപയോഗിച്ചപ്പോൾ വനത്തിലെ തടികൾ മുറിച്ച് തുടങ്ങി. വനഉൽപ്പന്നങ്ങൾ മനുഷ്യന്റെ ഉപയോഗ വസ്തുക്കളായി. പിന്നീട് മനുഷ്യൻ സമൂഹ ജീവിതം രൂപപ്പെടുത്തിയപ്പോൾ വനഉൽപ്പന്നങ്ങൾ പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായി തീർന്നു.

കൃഷിക്കും ജലസേചനത്തിനുമെല്ലാമായി ഭൂമിയെ ഉപയോഗിച്ച് തുടങ്ങിയപ്പോൾ (മണ്ണ് കുഴിച്ചപ്പോൾ) തിളങ്ങുന്ന ലോഹങ്ങളേയും, ധാതുക്കളേയും കണ്ടെത്തി. അവ ഖനനം ചെയ്ത് എടുത്ത് ഉപയോഗിച്ച് തുടങ്ങിയപ്പോൾ

മറ്റൊരു വരുമാന മേഖല കണ്ടെത്തി. ഖനനം മറ്റൊരു തൊഴിലുമായി.

ഈ വിധത്തിൽ ജീവൻ തുടർന്ന് കൊണ്ട്പോകാൻ മനുഷ്യന് പ്രകൃതിതന്നെ ഒരുക്കിക്കൊടുത്തതും അത് തിരിച്ചറിഞ്ഞ മനുഷ്യൻ ആദ്യം പ്രയോജനപ്പെടുത്തിയതുമായ കൃഷി, മൃഗസമ്പത്ത്, മത്സ്യ സമ്പത്ത്, വന സമ്പത്ത്, ഖനനം എന്നിവ ആസൂത്രണം ചെയ്ത് എടുത്ത് ഉപയോഗിക്കാമെന്നല്ലാതെ സൃഷ്ടിക്കാൻ കഴിയുന്നവയല്ലെന്നും മനുഷ്യൻ മനസ്സിലാക്കി. കാരണം ഇതെല്ലാം പ്രകൃതിയുടെ ദാനം മാത്രമാണ്. അതിനാൽ ഈ ആദി ഘടകങ്ങളെ പ്രാഥമികമേഖല (Primary Sector) എന്നു വിളിച്ചു.

## ദ്വിതീയ മേഖല

പ്രാഥമിക മേഖലകളിലൂടെ കടന്നുവന്ന മനുഷ്യൻ ഇതിനിടയിൽ തീ രൂപപ്പെടുന്നത് കാണുകയും അത് നിയന്ത്രണ വിധേയമായി ഉപയോഗിക്കാനും പഠിച്ചപ്പോൾ ഭക്ഷണം (കായ് കനികൾ, മത്സ്യം, മാംസ്യം, മുട്ട ......) വേവിച്ച് ഭക്ഷിച്ച് തുടങ്ങി. ഈ സംഭവം മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തെ വളർത്തി. ഈ വേവിച്ച് കഴിക്കൽ (Food Processing) ഭക്ഷണ ശീലത്തിന്റെ രണ്ടാം ഘട്ടമായി (Second Phase) സസ്യം/ പക്ഷി/ മൃഗാദികളുടെ ഉപ ഉൽപ്പന്നങ്ങളിൽ നിന്നും വസ്ത്രം നിർമ്മിക്കാനും,

ഗുഹാ വാസം മാറ്റി വീട് നിർമ്മിയ്ക്കുവാനും, പല ആവശ്യങ്ങൾക്കായി സഞ്ചാരം കൂടിയപ്പോൾ റോഡുകളും പാലങ്ങളും നിർമ്മിയ്ക്കുവാനും വേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. കൂടാതെ വൈദ്യുതിയുടെ കണ്ടുപിടുത്തം കൂടിയായപ്പോൾ നിർമ്മാണ, വ്യവസായ മേഖല കുതിച്ചു കയറി. അങ്ങനെ ജവിതത്തിന്റെ ഒരു രണ്ടാംഘട്ടം രൂപപ്പെട്ടു. ഇതിനായി ഉപയോഗിച്ച ഘടകങ്ങളെ എല്ലാം ചേർത്ത് ദ്വിതീയ മേഖല (Secondary Sector) എന്ന് വിളിച്ചു. പ്രാഥമിക മേഖലയിൽ മനുഷ്യാദ്ധ്വാനം പ്രയോഗിച്ചപ്പോൾ ദ്വിതീയ മേഖല വളർന്ന് മൂല്യ വർദ്ധന (Value Added) ഉണ്ടായി.

## തൃദീയ മേഖല

അപ്പോഴേക്കും മനുഷ്യർ ശരിയായ സാമൂഹ്യ ജീവിതം ആരംഭിച്ചു. പരസ്പര സഹായ സഹകരണത്തിലൂടെ ചിട്ടപ്പെടുത്തിയ ജീവിതത്തിനിടയിൽ മനുഷ്യൻ അറിവ് നേടുവാൻ തുടങ്ങി ഒപ്പം പല കഴിവുകളും വളർത്തി. ഗതാഗതം, ചിത്ര രചന, പാട്ട്, നൃത്തം, അഭിനയം, കലകൾ ......... എന്നിവയെല്ലാം കഴിവുനേടിയെടുത്ത് ശരിയായ സാമൂഹിക ജീവിതം ഫലപ്രദമായി ശീലിച്ചു. ഇതിന് ഒരുവന്റെ സേവനങ്ങൾ മറ്റുള്ളവർക്ക് വിൽക്കുകയും, മറ്റുള്ളവരിൽ നിന്ന് അതു വാങ്ങുകയും ആവശ്യമായി വന്നു. അതായത് സാമ്പത്തിക മേഖലയിലേക്ക് സേവനങ്ങൾ കൂടി വന്നപ്പോൾ

സേവന രംഗങ്ങളും പുതിയ തൊഴിലായി മാറി. ഈ സേവന മേഖലകളെയാണ് തൃദീയ മേഖലകൾ (Tertiary Sector) എന്നു പേരിട്ടു വിളിച്ചത്.

ഇങ്ങനെയൊക്കെ രൂപപ്പെട്ട സമൂഹ ജീവിതത്തിൽ വസ്തുസേവനാദികൾ കൈമാറ്റം ചെയ്യേണ്ട സാഹചര്യത്തിൽ ഉരുതിരിഞ്ഞ ഒരു ഏകകമാണ് മൂല്യവില എന്ന സങ്കല്പം. ഈ വിലകൾ അളന്നെടുക്കാൻ ഓരോ രാജ്യത്തും ഓരോ തരത്തിലുള്ള അളവുകൾ വന്നു. ഇന്ത്യയുടെ വിലയുടെ അളവ് കോലാണ് രൂപ. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഇന്ന് രൂപയിൽ അളന്നെടുക്കാൻ സാധിക്കുന്നു.

ആധുനിക ജീവിതം നയിച്ച മനുഷ്യൻ രൂപയിൽ (പല രാജ്യത്ത് പല അളവുകൾ) ഇടപാടുകൾ തുടങ്ങി. സാമൂഹിക ജീവിതം ശക്തിപ്പെടുത്താൻ എല്ലാ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടി വന്നപ്പോൾ ഭരണകൂടങ്ങൾക്ക് രാജ്യത്തിന്റെ സ്വത്ത് അളന്നെടുക്കേണ്ടതായി വന്നു. രാജ്യത്തിന്റെ യഥാർത്ഥ സ്വത്ത് (സമ്പത്ത്) എന്നത് രാജ്യത്തിനുള്ളിലെ ഉൽപ്പന്നങ്ങളുടേയും വസ്തു വകകളുടേയും സേവനങ്ങളുടേയും ഒക്കെ ഒരു ആകെ തുകയാണ് ഇവയെല്ലാം. അതിന്റെ മൂല്യത്തിനനുസരിച്ച് രൂപയിൽ അളന്ന് ഓരോ വർഷവും കൂട്ടിയെടുക്കുന്നു. അപ്പോൾ കിട്ടുന്ന വലിയ തുകയാണ് രാജ്യത്തിന്റെ ആ വർഷത്തെ ദേശീയ വരുമാനം, രൂപയിലെന്നത്.

# ദേശീയ വരുമാനം

## ചരിത്രം

ഒരു ദേശത്തിന്റെ കൃഷി, വ്യവസായം, ഗതാഗതം, ബാങ്കിംഗ്, മറ്റു സേവനങ്ങൾ മുതലായവയിൽ നിന്നുണ്ടാകുന്ന ഉല്പാദനം, വരുമാനം എന്നിവയുടേയും, ഈ വരുമാനങ്ങളും, ഉല്പാദനങ്ങളും മറ്റ് അവശ്യ മേഖല കളിലേക്ക് (ഉല്പാദനം, സേവനം, നിർമ്മാണം.........) ഉപ ഭോഗം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചിലവുകൾ, മറ്റിടപാടു കൾ ആദിയായവയുടെ സ്ഥിതി വിവരകണക്കുകളുടെ ഒരു സിസ്റ്റത്തെ (Statistical System) ദേശീയ വരുമാന കണ ക്കുകൾ (National Income Accounts (NIA) എന്നു പറയുന്നു.

ഇത്തരം കണക്കുകൾ ഒരു രാജ്യത്തിനുള്ളിൽ നട ക്കുന്ന സാമ്പത്തിക ഇടപാടുകളെക്കുറിച്ചും (Economic Activities) ആ നാടിന്റെ സമ്പദ് വ്യവസ്ഥ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും മനസിലാക്കാനും, ഭാവി പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യുവാനും ഉപകരിക്കുന്നു. ഈ കണക്കുകളുടെ രൂപീകരണം നമ്മുടെ വരുമാന കണക്കു കളെ ഒരു അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തി. അതിനാൽ ഇതിനെ അന്താരാഷ്ട്ര നിലവാരത്തിൽതന്നെ താരതമ്യം ചെയ്യാനും അതേ നിലയിൽ തന്നെയുള്ള മാർഗ്ഗ രേഖകൾ- മറ്റു പ്രവർത്തനങ്ങൾക്ക് - രൂപീകരിക്കുന്നതിന് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞു.

## ദേശീയ വരുമാന നിർണ്ണയത്തിന്റെ ആരംഭം- ഇന്ത്യയിൽ

ദാദാബായി നവ്റോജിയുടെ നേതൃത്വത്തിൽ ആദ്യമായി ഇന്ത്യയുടെ ദേശീയ വരുമാനത്തെക്കുറിച്ചുള്ള കണക്കുകൾ 1867-68-ൽ "Poverty and UnBritish Rule in India" എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് ഇതേ മാതൃകയിൽ പലരും ദേശീയ വരുമാന കണക്കുകൾ കണക്കാക്കി നോക്കി. എന്നാൽ 1931-32 പ്രൊഫ. വി.കെ.ആർ.വി റാവു എന്ന സാമ്പത്തിക വിദഗ്ധൻ ശാസ്ത്രീയമായ ഒരു രീതിയുപയോഗിച്ച് ദേശീയ വരുമാനം നിർണയിച്ച് പ്രസിദ്ധീകരിച്ചു. ഇതേ സമയംതന്നെ പല സ്വകാര്യ പഠനങ്ങളും ഈ മേഖലയിൽ നടന്നെങ്കിലും അവയൊന്നും ഭാവിയിലേയ്ക്കുപയോഗിക്കാൻ പറ്റിയ സൂചികകളായി (Indices) എടുക്കുവാൻ കഴിഞ്ഞില്ല. പല പോരായ്മകളും, പല മാനദണ്ഢങ്ങളുമൊക്കെയായിരുന്നു അവർ അവലംബിച്ചിരുന്നത് എന്നതിനാലാണ് അംഗീകാരം കിട്ടാതെ പോയത്.

ദേശീയ വരുമാനത്തെക്കുറിച്ചുള്ള ഒരു ഔദ്യോഗിക കണക്ക് 1948-49-ൽ ഇന്ത്യൻ വാണിജ്യമന്ത്രാലയം ആദ്യമായി തയ്യാറാക്കി. പേരുകേട്ട സാമ്പത്തിക സ്ഥിതിവിവരകണക്ക് വിദഗ്ധനായ പ്രൊഫ. പി.സി. മഹനലോബിസിന്റെ നേതൃത്വത്തിലുള്ള "ദേശീയ വരുമാന സമിതി" (National Income Committee) വാണിജ്യ മന്ത്രാലയം തയ്യാറാക്കിയ

കണക്ക് വിശദമായി പഠിക്കുകയും അതിനംഗീകാരം നല്കുകയും ചെയ്തു. ഈ കമ്മിറ്റിയിൽ പ്രൊഫ. ഡി.ആർ. ഗാഡ്ഗിൽ, പ്രൊഫ. വി.കെ.ആർ.വി. റാവു എന്നിവരും അംഗങ്ങളായിരുന്നു. ഈ കമ്മിറ്റി ആദ്യം 1951 ലും അവസാനം 1954 ലും ദേശീയ വരുമാന കണക്ക് (NIA) അംഗീകരിച്ച് രേഖപ്പെടുത്തി. തുടർന്ന് വർഷം തോറും മുടങ്ങാതെ ദേശീയ വരുമാനം കണക്കാക്കി പ്രസിദ്ധീകരിക്കുവാൻ കേന്ദ്ര ആസൂത്രണ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്റ്റാറ്റിസ്റ്റിക്ക് വകുപ്പിലെ "സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ " (സി.എസ്.ഒ.) നെ ചുമതലപ്പെടുത്തി. ഇതിന്റെ വെളിച്ചത്തിൽ (സി.എസ്.ഒ.) ദേശീയ വരുമാനത്തെക്കുറിച്ചുള്ള ഒരു ഔദ്യോഗിക ധവള പത്രം 1956-ൽ പുറപ്പെടുവിച്ചു. പിന്നീട് ഈ കണക്കുകൾ വർഷംതോറും ദേശീയ കണക്കുകളുടെ സ്ഥിതി വിവരങ്ങൾ (National Accounts Statistics - NAS) എന്ന പേരിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നു.

ദേശീയ വരുമാന കണക്കുകൾ ഇന്ന് പ്രധാനമായും മൂന്നായി തിരിച്ചിരിക്കുന്നു. ആഭ്യന്തര ഉല്പാദനം (Domestic Products) ഇവയുടെ വിതരണം (Distribution as Factors), ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള ആസ്തി നിർമ്മാണം (Capital formation)

## ദേശീയ വരുമാനത്തിന്റെ വിവിധ മേഖലകൾ

ദേശീയ വരുമാനം നിർണയിക്കുവാൻ വരുമാന മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന ദേശീയ സമ്പദ് സമൂഹത്തെ പ്രധാനമായി മൂന്നായി തരം തിരിച്ചു.

1. കൃഷിയും അനുബന്ധ മേഖലയും (യഥാർത്ഥ കൃഷിയും, മൃഗസമ്പത്തും); വനസമ്പത്ത്, മത്സ്യസമ്പത്ത്, ഖനനം/ക്വാറികൾ എന്നിവയടങ്ങിയ പ്രകൃതിജന്യമായ പ്രാഥമിക മേഖല (Primary Sector)
2. വ്യവസായം, ഊർജ്ജം (വൈദ്യുതി, ഗ്യാസ്) ജലവിതരണം, നിർമ്മാണം എന്നിവയുൾപ്പെട്ട ദ്വിതീയ മേഖല (Secondary Sector)
3. ഗതാഗതം, സ്റ്റോറേജ് (സംഭരണം), വാർത്താവിതരണം, ബാങ്കിംഗ്, ഇൻഷുറൻസ്, കച്ചവടം (ട്രേഡ്), ഹോട്ടൽ, റെസ്റ്റോറന്റ്, റിയൽ എസ്റ്റേറ്റ്, മറ്റു സേവനങ്ങൾ, വാടക, പൊതുഭരണം, നിയമം, പ്രതിരോധം, മുതലായവ ഉൾപ്പെട്ട തൃദീയ മേഖല (Tertiary Sector) അഥവാ സേവന മേഖല സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ഒരു രാജ്യത്തിനുള്ളിലെ ഏതു വരുമാന ഉറവിടവും ഇപ്പറഞ്ഞ ഏതെങ്കിലും ഒരു മേഖലയിൽ ഉൾപ്പെടുന്നു എന്നു കാണാം.

## ദേശീയ വരുമാനം കണക്കാക്കുന്ന രീതി

വരുമാനം വരുന്നത് പ്രധാനമായും ആഭ്യന്തര ഉല്പാദനത്തിലൂടെയും, വില്പന വഴിയും, മറ്റു മാർഗ്ഗങ്ങൾ എന്നിവയിലൂടെയെല്ലാമാണ്. അഥവാ മൂന്നു രീതികൾ അവലംബിക്കുന്നു. ഉല്പാദനരീതി, ചെലവ് രീതി, വരവ് രീതി (Production approach, Expenditure approach & Income approach) എന്നിവയാണവ.

ഏതു വരുമാനവും നമ്മുടെ നാണയ വ്യവസ്ഥയുടെ രൂപമായ "രൂപ"യിൽ കണക്കാക്കുന്നു. അല്ലാതെ പല തലങ്ങളിൽ വ്യാപിച്ചു കിടക്കുന്ന സാമ്പത്തിക ഇടപാടുകളെ ഏകീകരിക്കാൻ സാധ്യമല്ല നമ്മുടെ എല്ലാ ഇടപാടുകളും (വരവും, ചിലവും, സേവനവുമെല്ലാം) രൂപയിലൂടെയാണു കണക്കാക്കുന്നത്. ഇങ്ങനെ പല മേഖലകളിലൂടെ ഉരുത്തിരിയുന്ന ഇടപാടുകൾ അവയുടെ അളവിനനുസരിച്ച് രൂപയിൽ കണക്കാക്കി കൂട്ടിയെടുക്കുമ്പോൾ ദേശീയ വരുമാനം (രൂപയിൽ) കിട്ടുന്നു. ഒരു രാജ്യത്തിന്റെ ഓരോ മുക്കിലും മൂലയിലും നടക്കുന്ന സാമ്പത്തിക ഇടപാടുകൾ കണ്ടെത്തി വിവരങ്ങൾ ശേഖരിച്ച് ദേശീയ വരുമാനം നിർണ്ണയിക്കുക അതി കഠിനമായ ജോലിയാണ്. ഇന്ത്യയുടെ സാമ്പത്തിക രംഗത്തിന്റെ സ്വഭാവവും, വിവരങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും ഒക്കെ പ്രശ്നങ്ങളാണ്. ഇതിനെ അതിജീവി

ക്കുന്നത് സ്റ്റാറ്റിസ്റ്റിക്സ് തന്ത്രങ്ങളുപയോഗിച്ചാണ്. എത്ര ശ്രമിച്ചാലും ദേശീയ വരുമാനം കൃത്യമായി കണക്കാക്കുക സാധ്യമല്ല. അതിനാൽ സ്റ്റാറ്റിസ്റ്റിക്സ് രീതിയുപയോഗിച്ച് അത് എസ്റ്റിമേറ്റ് ചെയ്യുകയാണ് ചെയ്യുന്നത്.

ഒരുദാഹരണം പരിശോധിക്കാം രാജ്യത്ത് ഒരു വർഷം കൃഷിയിൽ നിന്നുണ്ടാകുന്ന അധിക വരുമാനം നിർണയിക്കാൻ ആ വർഷത്തെ ഓരോ വിളയുടേയും ഉൽപാദനവും വിലയും അറിയേണ്ടതുണ്ട്. ഒരു രാജ്യത്തെ എല്ലാ വിളകളുടേയും ഒരു വർഷത്തിൽ ഉണ്ടാകുന്ന ഉല്പാദനം പൂർണമായി ശേഖരിക്കുക സാധ്യമല്ല. അപ്പോൾ ആകെ ഉല്പാദനം എസ്റ്റിമേറ്റ് ചെയ്തെടുക്കുന്നു. അതിന് സ്റ്റാറ്റിസ്റ്റിക്സ് സയൻസിലെ ടെക്നിക്കുകളിലൊന്നായ സാമ്പിളിംഗും Statistics Inference ലെ എസ്റ്റിമേഷൻ രീതിയുമെല്ലം ഉപയോഗപ്പെടുത്തുന്നു. സാമ്പിൾ ഡേറ്റാ ശേഖരിച്ച് മൊത്ത ഉല്പാദനം എസ്റ്റിമേറ്റ് ചെയ്യുന്നു. ഇങ്ങനെയല്ലാതെ ഇത് നിർണ്ണയിക്കുക സാധ്യമല്ല. എസ്റ്റിമേറ്റ് ഏറെക്കുറെ ശരിയായ ഉല്പാദനത്തിനടുത്തായിരിക്കും. കാരണം ഈ രീതി ശാസ്ത്രീയമാണ്. ഈ ഉൽപന്നങ്ങളുടെ വിലയും ഇതോടൊപ്പം ശേഖരിക്കുന്നതിനാൽ കൃഷിയിൽ നിന്നുണ്ടാകുന്ന വരുമാനം നിർണയിക്കാവുന്നതാണ്. ഇങ്ങനെ ദേശീയ വരുമാന നിർണയത്തിന്റെ പരിധിയിൽ വരുന്ന എല്ലാ മേഖലകളിൽ നിന്നും അംഗീകരിച്ചിരിക്കുന്ന രീതികളുപയോഗിച്ച് വരുമാനം നിർണയിക്കുന്നു.

## രീതികൾ

### 1. ഉല്പാദന രീതി (Production Approach)

ഇവിടെ എല്ലാ ഇനങ്ങളുടേയും ഉൽപാദന അളവ് (Quantity) അവയുടെ വിലയും ശേഖരിക്കുന്നു. അതായത് അളവിനെ അതിന്റെ വിലകൊണ്ട് ഗുണിച്ച് മൂല്യം കണക്കാക്കുന്നു.

ഈ രീതി കൃഷി, മൃഗസമ്പത്ത്, ഖനനം, ക്വാറികൾ, രജിസ്റ്റർ ചെയ്ത വ്യവസായങ്ങൾ തുടങ്ങിയവയുടെ മൂല്യം തിട്ടപ്പെടുത്തുവാൻ ഉപയോഗിച്ചുവരുന്നു.

### 2. ചെലവ് രീതി (Expenditure approach)

ഒരു മേഖലയിൽ ഈ രീതിയിൽ നിന്നുണ്ടാകുന്ന വരുമാനഭാഗം എന്നത് ഇവിടേയ്ക്ക് ചെലവഴിക്കുന്ന തുക തന്നെയാണ്. ചെലവു കണക്കാക്കി മൂല്യം നിശ്ചയിക്കുന്ന രീതി പ്രധാനമായും രജിസ്റ്റർ ചെയ്യാത്ത വ്യവസായം ഗ്യാസ് (എൽ.പി.ജി. ഒഴിച്ചുള്ളവ) നിർമ്മാണം എന്നീ ഇനങ്ങളുടെ കാര്യത്തിൽ ഉപയോഗിച്ചുവരുന്നു.

### 3. വരവ് രീതി (Income Approach)

ഇവിടെ ഈ മേഖലയിൽ ഉണ്ടാകുന്ന മൂല്യവരവ് തന്നെയാണ് വരുമാനം.

ഈ രീതിയിൽ സേവനമേഖലയിലെ മിക്കവാറും എല്ലാ ഇനങ്ങളുടേയും മൂല്യം തിട്ടപ്പെടുത്തുവാൻ ഉപയോഗിക്കുന്നു. അങ്ങനെ തൃദീയ മേഖലയിലെ വരുമാനം ഈ രീതിയിൽ കണക്കാക്കിവരുന്നു.

ദേശീയ/ സംസ്ഥാന വരുമാനം കണക്കാക്കുവാൻ രണ്ട് സൂചികകളാണ് ഉപയോഗിക്കുന്നത്.

1. ആഭ്യന്തര മൊത്തവരുമാനം (Gross State Domestic Product G S D P )
2. ആഭ്യന്തര അറ്റ വരുമാനം (Net State Domestic Product N S D P)

## G S D P

ഒരു നാടിന്റെ G S D P എന്നാൽ ആ നാട്ടിൽ ഒരു വർഷം ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ സേവന പ്രവർത്തനങ്ങൽ എന്നിവയുടെയെല്ലാം ആകെ മൂല്യം രൂപയിൽ കണക്കാക്കുന്നതാണ്.

താരതമ്യങ്ങൾക്കു വഴങ്ങാത്തതരത്തിലുള്ള ഉല്പന്നങ്ങളാണല്ലോ ഏതു രാജ്യത്തും ഉല്പാദിപ്പിക്കപ്പെടുന്നത്. ഉദാഹരണത്തിന് കാർഷികോല്പന്നങ്ങൾ, പാലങ്ങൾ, ഡോക്ടർമാരുടെ സേവനം, അദ്ധ്യാപനം ............ ഇവയുടെയെല്ലാം അളവുകളും എല്ലാ വ്യത്യസ്തം. ഇവയെല്ലാം വ്യത്യസ്ത യൂണിറ്റുകളിൽ അളന്ന് ശേഖരിച്ചിട്ട് ഒരു പ്രയോ

ജനവുമില്ല. ഉദാ. ഒരുവർഷം 100MT നെല്ലുല്പാദിപ്പിച്ചു. 100 ഡോക്ടർമാരുടെ സേവനം കിട്ടി. 1000 അദ്ധ്യാപകർ സേവനം നടത്തി, 250 പാലങ്ങൾ നിർമ്മിച്ചു എന്നെല്ലാം പറഞ്ഞാൽ സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉല്പാദനം എത്രയെന്നു പറയുവാൻ നമുക്കുകഴിയുകയില്ല. എന്നാൽ ഇവയെല്ലാം അതിന്റെ മുല്യത്തിനനുസരിച്ച് രൂപയിൽ അളന്നെടുത്ത് ഏകീകരിക്കാൻ പറ്റും. ഉദാഹരണം

100 MT നെല്ലിന് Rs 10/Kg പ്രകാരം 10,00,000 രൂപയും, ഒരു ഡോക്ടർക്ക് വർഷം 1,00,000 രൂപ പ്രകാരം 1000 ഡോക്ടർമാർക്ക് 100000000 രൂപയും വച്ച് കൂട്ടിയാൽ രണ്ടും കൂടി 101000000 രൂപ കിട്ടുന്നു. അതായത് രണ്ട് വ്യത്യസ്ത ഇനങ്ങളെ രൂപയിൽ ഏകീകരിക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ രാജ്യത്തെ എല്ലാ വരുമാന ഉറവിടങ്ങളിലേയും വരുമാനം രൂപയിൽ കണക്കാക്കി ഏകീകരിച്ച് കൂട്ടിയെടുക്കാൻ കഴിയുന്നു. ഇങ്ങനെ രൂപയിൽ ഏകീകരിച്ചുകിട്ടുന്ന വരുമാനമാണ് ആ വർഷത്തെ GSDP.

**അടിസ്ഥാന വർഷം (Base Year)**

GSDP/NSDP എന്നിവ താരതമ്യ വിധേയമായാണ് ഉപയോഗിക്കുന്നത്. രാജ്യം എത്ര ശതമാനം കണ്ടു വളർന്നു എന്നൊക്കെയറിയണമെങ്കിൽ, എവിടെനിന്നും വളർന്നു എന്ന് ചോദ്യം ഉയരും. ഉദാഹരണത്തിന് "മുമ്പത്തേ"ക്കാള്

60% വളർന്നു എന്നൊക്കെയാണല്ലോ പറയുക. അതായത് ഒരു മുൻവർഷം അടിസ്ഥാനമാക്കേണ്ടി വരുന്നു. ഇനി എങ്ങനെയൊരു വർഷമാണ് അടിസ്ഥാന വർഷമായി തെരഞ്ഞെടുക്കുക? നാട്ടിൽ വരുമാനം ഉണ്ടാക്കുന്ന ഏതു പ്രവർത്തനത്തേയും സാമ്പത്തിക ഇടപാടുകൾ (Economic Activities) എന്നു പറയുന്നു. ചില വർഷങ്ങളിൽ പല കാരണങ്ങളാൽ പുതിയ ഒരു പാടു ഇത്തരം ഇടപാടുകൾ ഉരുത്തിരിയുന്നു. ഉദാഹരണത്തിന് റേഡിയോ കണ്ടുപിടിച്ചപ്പോൾ, റ്റി.വി. കണ്ടുപിടിച്ചപ്പോൾ, കമ്പ്യൂട്ടർ വ്യവസായം വളർന്നപ്പോൾ, ഇപ്പോൾ മൊബൈൽ ഫോൺ, പുതിയ കൃഷി (വാനില) പുതിയ സേവനങ്ങൾ ...... മുതലായവ ജന ജീവിതത്തെ സാരമായി സ്വാധീനിക്കുമ്പോൾ സാമ്പത്തിക രംഗം ഉണരുന്നു. ഇവയെക്കുറിച്ച് ഭരണകൂടം വിശദമായി പഠിച്ച് അവലോകനം ചെയ്ത് ഒരുപാട് പഠനങ്ങൾക്ക് ശേഷം ഒരു വർഷം സ്ഥിരപ്പെടുത്തുന്നു. ഈ വർഷത്തെ എല്ലാവിധ സാമ്പത്തിക ഇടപാടുകളും കണ്ടെത്തി ആവർഷത്തെ ദേശീയ വരുമാനം കണക്കാക്കുന്ന ഈ പ്രത്യേക വർഷത്തെ അടിസ്ഥാന വർഷം എന്നു വിളിക്കുന്നു. ഈ വർഷത്തെ ക്രമപ്പെടുത്തിയിരിക്കുന്ന വരുമാന നിർണയത്തിന് "n" ഉല്പന്നങ്ങൾ ഉപയോഗിക്കുന്നു എന്ന് സങ്കല്പിക്കുക. ഇവയുടെ അടിസ്ഥാന വർഷ വിലകൾ Po1, Po2, Po3 .............Pon എന്നും, കറണ്ട് വർഷ വില

കൾ P11, P12, P13 .............Pin എന്നു, കറണ്ട് വർഷം ഉല്പാദനങ്ങൾ Q11, Q12, Q13 ................ Qin എന്നും ആണെങ്കിൽ

**G S D P (സ്ഥിരവിലയിൽ)**

$$= q11xPo1+q12xPo2+q13xPo3+ \ldots\ldots + qinx\ Pon - Ko$$

$$= \sum_{l=1}^{n} [q1ix\ Poi] - Ko \qquad \text{(i)}$$

**G S D P (കറണ്ട് വർഷ വിലയിൽ)**

$$= q11xP11+q12xP12+q13xP13+ \ldots\ldots + qinx\ Pin - K1$$

$$= \sum_{l=1}^{n} [q1i\ x\ P1i] - K1 \qquad \text{(ii)}$$

**മൊത്ത ഉല്പാദനം (Gross Value Out put) GVO**

GSDP നിർണയിക്കുവാനുള്ള മേൽ പറഞ്ഞ സൂത്ര വാക്യങ്ങളിലേയ്ക്കു നോക്കുക (i) & (II) ഈ രണ്ടു സൂത്ര വാക്യങ്ങളേയും പൊതു വൽക്കരിച്ചാൽ

$$\text{GSDP} = \sum_{i=1}^{n} P_i q_i - K$$ എന്നു കാണാം

ഇതിൽ $\sum_{i=1}^{n} P_i q_i$ എന്ന ഭാഗത്തെ; അതായത് ഒരു വർഷത്തെ വിവിധ ഉല്പന്നങ്ങളുടെ ഉല്പാദനത്തെ അവയുടെ വിലകൾകൊണ്ട് ഗുണിച്ച് കൂട്ടിയെടുക്കുന്ന തുക ആ മേഖലയുടെ G.V.O എന്നുപറയുന്നു. ഉദാ. ഒരു വർഷം 1000 kg. നെല്ലും, 100 Kg മരച്ചീനിയും ഉല്പാദിപ്പിച്ചാൽ, അവയുടെ വിലകൾ യഥാക്രമം കിലോഗ്രാമിന് 10 രൂപ, 5 രൂപ എന്നുമാണെങ്കിൽ ഇവയുടെ

$$\text{GVO} = 1000 \times 10 + 100 \times 5$$
$$= 10500$$ രൂപ

**ഉല്പാദന ചെലവ്** (Input Cost)

കൃഷി പോലെയുള്ള ഉല്പാദന മേഖലയിലും, മറ്റു പല മേഖലകളിലും അവയുടെ ആരംഭത്തിൽ അതായത് പ്രക്രിയ ആരംഭിക്കാൻ കുറച്ച് ചെലവുകൾ ആവശ്യമാണ്. ഉദാഹരണത്തിന് കൃഷിയാരംഭത്തിൽ വിത്ത്, വളം തുടങ്ങിയവ വാങ്ങുവാൻ ചെലവുണ്ട്. ഇത്തരം ആരംഭനാളുകളിലും തുടർന്നും ആവശ്യമായിവരുന്ന ചെലവുകളാണ് ഉല്പാദന ചെലവ് "എന്നു പറയുന്നത്.

## മൊത്ത മൂല്യ വർദ്ധനവ്
## (Gross Value Added - GVA)

മേൽപറഞ്ഞ G.V.O യിൽ യഥാർത്ഥത്തിൽ ഉല്പാദന ചെലവ് ഉൾക്കൊണ്ടിട്ടുണ്ട്. അതിനാൽ G.V.O യഥാർത്ഥ വരുമാനമല്ല. G.V.O യിൽ നിന്നും ഉല്പാദന ചെലവ് മാറ്റി കിട്ടുന്നതാണ്, ആ വർഷത്തെ അധികമായി കിട്ടിയ യഥാർത്ഥ വരുമാനം അഥവാ G.V.A

ie GVA = GVO - Input Cost

## കാണാമറയത്തെ സാമ്പത്തിക ഇടപാടുകൾ
## (Financial Intermediatery Services Indirectly Measured FISIM)

GSDP നിർണയത്തിനുപയോഗിക്കുന്ന ചില മേഖലകളിലെ ഉപഘടകങ്ങളിൽ പലതിലും ആരംഭത്തിലും ഇടക്കാലത്തും ബാങ്ക്, മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും ചില സാമ്പത്തിക ഇടപാടുകൾക്കുവേണ്ടി വരുന്നുണ്ട്. ഇടപാടുകൾ ചെയ്യുമ്പോൾ അവയിൽ നിന്നുണ്ടാകുന്ന വരുമാനത്തിലെ ഒരു ചെറിയ ഭാഗം ബാങ്കിലേക്കു മാറും. ഇങ്ങനെ ബാങ്കുപോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ ആദായം രൂപപ്പെടുന്നു. ഇങ്ങനെ ബാങ്കുകളിൽ വന്നു ചേരുന്ന ആദായം മറ്റുപയോഗങ്ങൾക്കായി കൈമാറുകയും തിരിച്ചു പിടിക്കുകയും ചെയ്യുന്നു. അതായത് ബാങ്ക് സമൂഹത്തിൽ ഒരു മധ്യവർത്തി (Agent) ആയി പ്രവർത്തിക്കുന്നു.

ഇതിന്റെയെല്ലാം ഫലമായി ബാങ്കുകളിലും ഒരു വരുമാന വർദ്ധനവ് (GVA) ഉണ്ടാകുന്നു. GSDP നിർണ്ണയത്തിലെ ഒരു ഘടകമായ "ബാങ്കിംഗ്" വരുമാനം മറ്റു ഘടകങ്ങളുടെ പ്രതിഫലനമാണ്. GSDP നിയന്ത്രണത്തിൽ ബാങ്കുകളിൽ നിന്നും ഉണ്ടാകുന്ന വരുമാനം അങ്ങനെതന്നെ പരിഗണിക്കുമ്പോൾ, ഇതിനു കാരണമായ മേഖലകളിലെ വരുമാനത്തിൽ നിന്നും അവയിലെ ബാങ്കിംഗ് ഇടപാടുകൾ കുറയ്ക്കേണ്ടതുണ്ട്. അല്ലെങ്കിൽ GSDP യിൽ "ബാങ്കിംഗ്" വരുമാനം ഇരട്ടിക്കലിന് (Duplication) കാരണമാകും ഇങ്ങനെ ഓരോ മേഖലയിലെ ഉപ ഘടകങ്ങളിൽ ബാങ്കിംഗ് ഇടപാടുകൾ ഉള്ളവയിൽ നിന്നും GSDP നിർണയ സമയത്ത് ബാങ്ക് ഇടപാടുകൾ മാറ്റുന്നു. ഇങ്ങനെ മാറ്റുന്ന ബാങ്ക് ഇടപാടു സേവനങ്ങളെയാണ് FISIM എന്നു പറയുന്നത്. ദേശസാൽകൃത ബാങ്കുകൾ മാത്രമല്ല ഇവിടെ ഉൾപ്പെടുന്നത്. ബാങ്കുകളുടെ മൊത്തവരുമാനവും FISIM കളുടെ ആകെതുകയും പൊരുത്തപ്പെടില്ല. കാരണം FISIM ഉം മാത്രമല്ലല്ലോ ബാങ്ക് വരുമാനത്തിലെ ഘടകങ്ങൽ ഇങ്ങനെ നോക്കുമ്പോൾ GVA യിൽ നിന്നും FISIM കുറവു ചെയ്യുമ്പോൾ GSDP ലഭിക്കുന്നതായി കാണാം.

ie. GSDP = GVA - FISIM

ഇപ്പോൾ ഒരുകാര്യം വ്യക്തമാകുന്നു. ആദ്യം പറഞ്ഞ GSDP സൂത്രവാക്യങ്ങളിലെ (i & ii) Ko യും K1 ഉം ശരിക്കും Input cost ഉം FISIM ഉം ആണ്.

ie. K = Input cost + FISIM

മൂല്യശോഷണം

## (Consumption on Fixed Capital - CFC)

അടിസ്ഥാന വർഷം കണക്കാക്കി GSDP നിർണയിക്കുമ്പോൾ, വർഷങ്ങൾ കഴിയുംതോറും ഉല്പാദന/ നിർമ്മാണ/ സേവന മേഖലകളിലെ ഘടകങ്ങളിലെ ആസ്തികളിൽ തേയ്മാനവും (Depreciation), ആസ്തി രൂപീകരിക്കലിലുമൊക്കെയായി ചില ചെലവുകൾ വരുന്നു. അതായത് GSDP യുടെ ഒരു ഭാഗം ഇങ്ങനെ മാറിപ്പോകുന്നു. ഇങ്ങനെ GSDPയിൽ നിന്നും മാറിപോകുന്ന ഭാഗത്തെയാണ് CFC (മൂല്യശോഷണം) എന്നു പറയുന്നത്. ഈ CFC കണ്ടെത്തൽ വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. സാമ്പത്തിക രംഗത്തെക്കുറിച്ച് വളരെയധികം നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്ത ശേഷം വൈദഗ്ധ്യത്തോടെ കണക്കാക്കേണ്ട ഒന്നാണ് CFC.

## അറ്റവരുമാനം (Net Staste Domestice Product NSDP)

GSDP യിൽ നിന്നും CFC കുറവു ചെയ്യുമ്പോൾ കിട്ടുന്ന വരുമാനത്തെയാണ് അറ്റ വരുമാനം അഥവാ NSDP എന്നു പറയുന്നത്. ഇത് കറണ്ട് വിലയിലും, സ്ഥിര വിലയിലും കണക്കാക്കുന്നു.

NSDP(കറണ്ടുവിലയിൽ) =GSDP(കറണ്ടുവിലയിൽ)-CFC

NSDP(സ്ഥിര വിലയിൽ) = GSDP ( സ്ഥിരവിലയിൽ)-CFC

## ആളോഹരി വരുമാനം (Per Capita Income)

GSDP & യേയും NSDP യേയും കറണ്ട് വർഷ ജനസംഖ്യകൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന സംഖ്യകളെ GSDP ആളോഹരി വരുമാനമെന്നും, NSDP ആളോഹരി വരുമാനമെന്നും പറയുന്നു. ഇവ കറണ്ട് വിലയിലും സ്ഥിരവിലയിലും കണക്കാക്കുന്നു.

$$\text{ആളോഹരി വരുമാനം} = \frac{\text{GSDP/ NSDP}}{\text{കറണ്ട് വർഷ ജനസംഖ്യ}}$$

(കറണ്ട് വർഷ ജനസംഖ്യ യെന്നത് ആ വർഷമധ്യത്തിലെ (ഒക്ടോബർ-1) ജനസംഖ്യയാണ്.

ആളോഹരി വരുമാനമെന്നത് ഒരു വർഷത്തെ മൊത്ത വരുമാനം എല്ലാ ജനങ്ങൾക്കുമായി തുല്യമായി വീതിച്ചാൽ ഒരാൾക്ക് ലഭിക്കാമായിരുന്ന ഭാഗമാണ്. ഇന്ന് ഈ സൂചിക ആസൂത്രണ പ്രക്രീയക്ക് ഉപയോഗിക്കുന്ന ശക്തമായ ഒന്നാണ്. സർക്കാറിന് വിവിധ മേഖലകളുടെ വരുമാനം നോക്കി ടാക്സ് ഈടാക്കാനും ഇത്തരം വരുമാനങ്ങൽ ദരിദ്ര ജന വിഭാഗത്തിന് ഉതകുംവിധമുള്ള പരിപാടി ആസൂത്രണം ചെയ്യാനുമെല്ലാം ഉപകരിക്കും.

**GSDP കറണ്ട് വിലയിലും, സ്ഥിരവിലയിലും**

**GSDP (at current Price) GSDP (Constant Price)**

ഏതെങ്കിലും ഒരു വർഷത്തെ GSDP (സ്ഥിരവില യിൽ) നിർണയത്തിന് ഉപയോഗിക്കുന്ന വസ്തുവകകളുടെ അളവുകൾ പരിഗണിക്കുന്ന വർഷത്തേയും (Current Year) അവയുടെ വിലകൾ അടിസ്ഥാന വർഷത്തേയും (Base Year) ആണ്. ഇവയുടെ ഗുണിതങ്ങളുടെ ആകെ തുക യാണ് GSDP(സ്ഥിര വിലയിൽ).

എന്നാൽ, GSDP (കറണ്ട് വിലയിൽ) വസ്തുവകക ളുടെ അളവുകളും, വിലകളും കറണ്ട് വർഷത്തെ തന്നെ യാണ്.

അടിസ്ഥാന വർഷത്തിനുശേഷം ഓരോ വർഷവും (Current Year) GSDP കറണ്ട് വർഷ വിലയിലും, അടി സ്ഥാന വർഷ വിലയിലും കണക്കാക്കുന്നു. ഇങ്ങനെ ഓരോ വർഷവും GSDP (സ്ഥിരവിലയിൽ) വർദ്ധനവുണ്ടാകുകയാ ണെങ്കിൽ അതിനർത്ഥം രാജ്യത്ത് വിവിധ മേഖലയിൽ ഉല്പാദനം വർദ്ധിക്കുന്നു എന്നാണ്. (കാരണം ഓരോ വർഷവും വില സ്ഥിരമാണോല്ലോ). ഇതാണ് രാജ്യത്തിന്റെ യഥാർത്ഥ വളർച്ച. അതിനാൽ രാജ്യവളർച്ച മനസ്സിലാ ക്കാൻ GSDP (സ്ഥിര വില) പരിശോധിക്കണം.

എന്നാൽ GSDP (കറണ്ട് വില) ഓരോ വർഷവും കൂടി വരുന്നുവെങ്കിൽ, അതിനു രണ്ടു കാരണങ്ങൾ കാണാം, ഉല്പാദനങ്ങളിലെ വർദ്ധനവും, പണപ്പെരുപ്പവും ഇന്ന്

GSDP വർദ്ധനവിന് പ്രധാന കാരണം പണപ്പെരുപ്പമാണെന്നു കാണുന്നു. അതിനാൽ GSDP (കറണ്ട് വില) വളർച്ച ശരിയാണോ എന്നു ചിന്തിക്കേണ്ടതാണ്. പണപ്പെരുപ്പത്തിനു പകരം മൂല്യ ശോഷണം സംഭവിച്ചാൽ ഈ GSDP താഴും. നമ്മുടെ നാട്ടിൽ ഉല്പന്നങ്ങൾ പലതിനും തറവില സമ്പ്രദായവുമില്ലല്ലോ.

അതിനാൽ രാജ്യ വളർച്ചയുടെ അളവുകോലായി കണക്കാക്കുന്നത് GSDP (സ്ഥിരവില) യാണ്. ജി.എസ്.ഡി.പി (സ്ഥിര വിലയിൽ) ഓരോ വർഷവും കൂടുകയോ / കുറയുകയോ ചെയ്ത് രാജ്യത്ത് ആഭ്യന്തര ഉല്പാദനം കൂടുന്നു/ കുറയുന്നു എന്നു മനസിലാക്കാം.

വർഷംതോറും GSDP (കറണ്ട് വിലയിൽ) ക്രമാതീതമായി വർദ്ധിക്കുന്നത് നാട്ടിലുണ്ടാകുന്ന പണപ്പെരുപ്പം മൂലമാണ്. ഈ വളർച്ച വാസ്തവമാണെങ്കിലും ഇത് വിപരീത ഫലങ്ങളും പ്രതീക്ഷിതമാണ്. കാരണം ഒരു വേള പണപ്പെരുപ്പത്തിനു പകരം പണത്തകർച്ചയുണ്ടായാൽ ഫലം നേർ വിപരീതിമായികിക്കും, GSDP താഴും. ഒരു പക്ഷേ അടിസ്ഥാന വർഷ വിലയിലെ GSDP യിലും താഴാം. അതിനു കാരണം നമ്മുടെ നാട്ടിൽ ഉൽപന്നങ്ങൾക്ക് തറവില (MSP) സമ്പ്രദായം കുറവാമെന്നത് തന്നെ. അതിനാൽ രാജ്യ വളർച്ചയുടെ അളവുകോലായി സ്ഥിരവിലയിലെ GSDP ആണ് കണക്കാക്കേണ്ടത്.

ഉദാഹരമത്തിന് ഒരു വിളയുടെ രീതി പരിശോധിക്കാം.

| നെല്ല് | അടിസ്ഥാന വർഷം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | 4-ാം വർഷം |
|---|---|---|---|---|---|
| അളവ് ( KG) | 1000 | 1000 | 1000 | 1000 | 1000 |
| വില (Rs/Kg) | 10 | 12 | 14 | 16 | 18 |
| GSDP(സ്ഥിരവിലയിൽ)Rs. | 10000 | 10000 | 10000 | 10000 | 10000 |
| GSDP(കറണ്ട് വിലയിൽ)Rs. | 10000 | 12000 | 14000 | 16000 | 18000 |

ഇവിടെ ഒരു കാര്യം വ്യക്തമാകുന്നു. GSDP(കറണ്ട് വിലയിൽ) വളർച്ച പണപ്പെരുപ്പം കൊണ്ടുണ്ടായതാണ്. ഉല്പാദനം വർദ്ധിച്ചിട്ടില്ല. ഇത് യഥാർത്ഥത്തിൽ സമ്പദ് വ്യവസ്ഥയിൽ വളർച്ച ഉണ്ടായിട്ടില്ലന്നു കാണിയ്ക്കുന്നു.

| നെല്ല് | അടിസ്ഥാന വർഷം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | 4-ാം വർഷം |
|---|---|---|---|---|---|
| അളവ് ( KG) | 1000 | 1200 | 1400 | 1600 | 1800 |
| വില (Rs/Kg) | 10 | 12 | 14 | 16 | 18 |
| GSDP(സ്ഥിരവിലയിൽ)Rs. | 10000 | 12000 | 14000 | 16000 | 18000 |
| GSDP(കറണ്ട് വിലയിൽ)Rs. | 10000 | 14400 | 19600 | 25600 | 32400 |

ഇവിടെ നോക്കുമ്പോൾ GSDP(സ്ഥിരവിലയിൽ) ഉയരുന്നതുകാണാം. ഇതിനു കാരണം ഉല്പാദനം വർദ്ധിച്ചതാണ്. ഇത് സമ്പദ്‌വ്യവസ്ഥയിലെ വളർച്ചയെ കാണിയ്ക്കുന്നു. ഒപ്പം പണപ്പെരുപ്പം മൂലം GSDP(കറണ്ട് വില) യും വർദ്ധിക്കുന്നതു കാണാം. രൂപയെന്നത് ഒരു സാങ്കല്പിക രൂപമായ

തിനാൽ GSDP(സ്ഥിരവില) യാണ് രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ച എന്നു മനസിലാക്കാം. GSDP(കറണ്ട് വില) വർദ്ധിക്കുമ്പോൾ ജീവിതച്ചെലവും വർദ്ധിക്കുന്നു. കാരണം ക്രയവിക്രയം നടക്കുന്നത് രൂപയിലൂടെയാണല്ലോ. അതിനാൽ നിലവിലുള്ള വിലയിൽ ആകെ വരുമാനം GSDP(കറണ്ട് വില) കാണിക്കുന്നു. ഈ രണ്ടു സൂചികകളും സാമ്പത്തിക രംഗ പഠനത്തിനും ആസൂത്രണത്തിനും അതിന്റേതായ അർത്ഥ തലങ്ങളിൽ ആവശ്യമാണ്. അന്താരാഷ്ട്രതലത്തിൽ നാണയമൂല്യത്തിൽ ഏറ്റക്കുറച്ചിലുണ്ടാകുമ്പോൾ GSDP(കറണ്ട് വിലയിൽ) ചാഞ്ചാടുന്നതു കാണാം. അപ്പോഴും GSDP(സ്ഥിരവില) സ്ഥിരമാണ് എന്നും കാണാം. GSDP(കറണ്ട് വില) ഉയർച്ച മനുഷ്യരുടെ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കും. ഇതിന് നല്ലതും ചീത്തയായതുമായ വശങ്ങളുണ്ട്.

ഇതൊക്കെയാണെങ്കിലും ഒരേ വർഷത്തെ വിവിധ ഘടകങ്ങളുടെ വളർച്ചയെക്കുറിച്ച് വിശകലനം നടത്തുന്നതിന് GSDP(കറണ്ട് വില) ഉപകരിക്കുന്നു. GSDP(കറണ്ട് വില) യുടെ മറ്റൊരു ദോഷം, ഉല്പാദനം ഭീമമായി കൂടിയാൽ വില വളരെ കുറയും, അപ്പോൾ GSDP(കറണ്ട് വില) കുറയുന്നതിനാൽ ഉല്പാദന വർദ്ധനവ് കാണാതെപോകുകയും ചെയ്യും. ഈ സമയം GSDP(സ്ഥിര വില) വൻ വർദ്ധനവ് കാണിക്കും. ഇത്തരത്തിൽ ഈ രണ്ടു GSDP കളും പല തരത്തിൽ വിശകലനം നടത്താവുന്നതാണ്.

## ജി.എസ്.ഡി.പി യും എൻ.എസ്.ഡി.പിയും (GSDP & NSDP)

NSDP(അറ്റാദായം) എന്നത് GSDP(മൊത്തവരുമാനം) യിൽ നിന്നും തേയ്മാനവും അനുബന്ധക്രിയമൂലമുണ്ടാകുന്ന ചെലവു (Depreciation) കുറയ്ക്കുമ്പോൾ കിട്ടുന്നതാണ്. അതിനാൽ NSDP യാണ് ശരിയായ നിമിഷ വരുമാനം (Moment Income) ഉപയോഗ പ്രദമായ വരുമാനമിതാണ്. രാജ്യമാകമാനം ചിന്തിക്കുമ്പോൾ GSDP യിലെ കുറവുകളും രാജ്യത്തിനുള്ളിൽ തന്നെ മറ്റു രീതിയിൽ ഉണ്ട്. അതിനാൽ രാജ്യ വളർച്ചാ സൂചിക GSDP യാണ്.

## ദേശീയ GDP നിർണയം

നമ്മുടെ രാജ്യമായ ഇന്ത്യയെ പല സംസ്ഥാനങ്ങളായി വിഭജിച്ചിരിക്കുകയും അവ ഓരോന്നിലും ഓരോ ഭരണകൂടങ്ങൾ നില നില്ക്കുകയും ചെയ്യുന്നതിനാൽ, ദേശീയ വരുമാനം കണക്കാക്കുന്നത് ഓരോ സംസ്ഥാനത്തിന്റെയും വരുമാനങ്ങൾ സംയോജിപ്പിച്ചാണ്. അതിനായി ഓരോ സംസ്ഥാനവും അവരുടെ വരുമാനം പ്രത്യേകമായി നിർണയിക്കുന്നു.

## കേരളത്തിന്റെ GSDP

### പ്രാഥമിക മേഖല - കൃഷി

അതിവേഗം ഉപഭോക്തൃ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന നാടാണ് കേരളം. എന്നാൽ ഇന്നും കേരളത്തിന്റെ പ്രധാന ആദായ മേഖല കൃഷി തന്നെയാണ്. കേരളം ഇന്ത്യയുടെ പശ്ചിമഘട്ട നിഴലിലാണ് കിടക്കുന്നത്. പടിഞ്ഞാറൻ മൺസൂൺ കൃത്യമായി കേരളത്തിലെത്തുകയും കേരളത്തിന്റെ കിഴക്കുള്ള മലകളിൽ തട്ടി തെക്കുമുതൽ വടക്കുവരെ സഞ്ചരിച്ച് നാടിന്റെ എല്ലാഭാഗങ്ങളിലുമായി മഴ ലഭിക്കാനിടയാകുകയും ചെയ്തുകൊണ്ടിരിക്കുന്നു. കൂടാതെ 44 നദികളുള്ളതിനാൽ മഴ വഴി ലഭിക്കുന്ന വെള്ളം നാടിന്റെ എല്ലാഭാഗങ്ങളിലും കൃത്യമായി വിതരണം നടക്കുന്നു. പ്രകൃതി വിഭവങ്ങളുടെ കലവറയായ മലകൾ നാടിനെ മൊത്തത്തിൽ കൃഷിയനുയോജ്യ സ്ഥലമാക്കി മാറ്റി, കൃഷി വളർന്നു ഇങ്ങനെ തൊഴിലും വരുമാനവും കൂടി റബർ പോലുള്ള വിദേശ വിളകൾക്ക് കേരളത്തിലെ മണ്ണ് അനുയോജ്യമായതിനാൽ കൃഷി വരുമാനം കൂടി പണം നേടിത്തരുന്ന ഏതു നാണ്യവിളയും മലയാളി ഇന്നും പരീക്ഷിക്കുന്നു.

ഇന്ത്യയിൽ ഇന്ന് കൃഷിക്കായി ഉപയോഗിക്കുന്ന വിളകൾ 205 എണ്ണമാണ്. ഇവയെല്ലാം എല്ലാ സംസ്ഥാനങ്ങളിലുമില്ല. ഇതിൽ 36 ലധികം എണ്ണം കേരളത്തിലുണ്ട്.

ജി.എസ്.ഡി.പി നിർണയത്തിന് കൃഷിയിലെ വിളകളുടെ ഒരു വർഷത്തെ വിസ്തൃതിയും, ഉല്പാദനവും അവയുടെ വിലകളും ആവശ്യമാണ്. എന്നാൽ നാട്ടിലെ ഓരോ വിളകളുടേയും വിസ്തൃതിയും, ഉല്പാദന അളവും എങ്ങനെ കണക്കാക്കാൻ സാധിക്കും? പൂർണമായി ശേഖരിക്കുക സാധ്യമേയല്ല. ഇവിടെയാണ് സ്റ്റാറ്റിസ്റ്റിക്സ് എന്ന ശാസ്ത്രത്തിന്റെ ഉപയോഗം കിടക്കുന്നത്. സ്റ്റാറ്റിസ്റ്റിക്സ് ഇൻഫറൻസിലെ എസ്റ്റിമേഷൻ രീതി പ്രയോജനപ്പെടുത്തിയാൽ ആകെ കൃഷി എസ്റ്റിമേറ്റു ചെയ്യാവുന്നതാണ്. ഇതിന് Random Sampling രീതി ഉപയോഗിച്ചു. Crop cutting surveyകൾ നടത്തി വിവരം ശേഖരിയ്ക്കുകയും ആ വിവരങ്ങൾ ചില മൾട്ടിപ്ലുകൾ ഉപയോഗിച്ചു പൂർണ്ണമാക്കുകയും ചെയ്യുന്നു. ഇവിടെ Random Sample സെലക്ഷൻ ശരിയായിരിക്കുകയും അവയിലെ വിവര ശേഖരണം കൃത്യമായിരിക്കുകയും, സ്റ്റാറ്റിസ്റ്റിക്സ് രീതി കൃത്യമായി ഉപയോഗിക്കുകയും ചെയ്താൽ എസ്റ്റിമേഷൻ വളരെ ശരിയായിരിക്കും. കേരളത്തിൽ ഈ രീതിയാണ് അവലംബിക്കുന്നത്. ഈ വിധത്തിൽ കൃഷിയുല്പന്നങ്ങളുടെ വിസ്തൃതിയും ഉല്പാദനവും കണക്കാക്കുന്നു. മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം വിലകളും ശേഖരിക്കുന്നു. ഇവയെല്ലാമുപയോഗിച്ച് കൃഷിയിൽനിന്നുള്ള GSDP വിഭാഗം നിർണയിച്ചെടുക്കുന്നു.



37/1761/2007/DTP.

കേരളത്തിൽ കൃഷിയിലെ വരുമാന നിർണയത്തിന് ഉപയോഗിക്കുന്ന വിത്തുകൾ.

**ധാന്യങ്ങൾ:-** നെല്ല്, ജോവർ, തിന കുവരക് മറ്റു ചില ധാന്യങ്ങൾ

**പയർ** :- തുവര, മുതിര, നാടൻ പയർ, ഉഴുന്ന്, ചെറുപയർ, മറ്റുചില പയർ വർഗ്ഗം.

**കരിമ്പ്** :- കരിമ്പ്, ശർക്കര. മറ്റുചിലവ

**സുഗന്ധവ്യഞ്ജനങ്ങൾ:-** കുരുമുളക്, മുളക്, മഞ്ഞൾ, ഇഞ്ചി, ഏലം, അടയ്ക്കാ, പുളി, വെളുത്തുള്ളി, ഗ്രാമ്പു, കടല, മറ്റുഉൽപന്നങ്ങൾ.

**പഴം, പച്ചക്കറി:-** മാങ്ങ, ചക്ക, ഏത്തപ്പഴം, കൈതച്ചക്ക, കശുവണ്ടി, മരച്ചീനി, മധുരക്കിഴങ്ങ്, മുരിങ്ങക്ക, പപ്പായ, നാടൻ വാഴപ്പഴം, മറ്റു പഴങ്ങൾ, മറ്റു പച്ചക്കറികൾ.

**എണ്ണക്കുരു** :- നിലക്കടല, എള്ള്, തേങ്ങ, മറ്റു ചില എണ്ണക്കുരുക്കൾ

**ഫൈബർ** :- പരുത്തി

**മരുന്ന്, ലഹരി ഉൽപ്പന്നങ്ങൾ:-** പുകയില, കള്ള്, തേയില, കാപ്പി, വെറ്റില, കൊക്കോ മറ്റു ഉൽപന്നങ്ങൾ.

**മറ്റുള്ളവ** :- റബ്ബർ, തീറ്റപ്പുല്ല്, പുല്ല്, മറ്റു ഭക്ഷണ വിളകൾ, മറ്റു ഭക്ഷണേതര വിളകൾ.

കൂടാതെ ഇവയിൽ നിന്നുള്ള ഉപ ഉൽപന്നങ്ങളും ഉൾപ്പെടുന്നു.

### പക്ഷി/ മൃഗ സമ്പത്ത്

കൃഷിയനുബന്ധ ഇനമായ പശു, ആട്, കന്നുകാലി കളിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങളായ പാൽ, ഇറച്ചി, കൊഴുപ്പ് മറ്റു ചില ഉപോല്പന്നങ്ങൾ കോഴി, താറാവ് മുത ലായ പക്ഷിയിനങ്ങളുടെ മുട്ട ഇറച്ചി മുതലായവയിൽ നിന്നും ലഭിക്കുന്ന വരുമാനവും പ്രാഥമിക മേഖലയിലെ കൃഷി മേഖ ലയിൽ ഉൾപ്പെടുന്നു. ദേശീയ തലത്തത്തിൽ നടക്കുന്ന കന്നുകാലി സർവ്വേയിൽ നിന്നുകൂടാതെ മൃഗസംരക്ഷണ വകുപ്പിൽ നിന്നും വരുമാന നിർണയത്തിനുള്ള വിവരങ്ങൾ ഉപയോഗിക്കുന്നു. ഇവിടെ ലഭിക്കുന്ന ഇറച്ചി, പാൽ മുത ലായവയുടെ പ്രാദേശിക വിലകളും കണക്കാക്കുന്നു. അങ്ങനെ മൃഗസമ്പത്തിൽ നിന്നുള്ള വരുമാനം വരുമാന നിർണ്ണയരീതിയുപയോഗിച്ച് കണക്കാക്കിയെടുക്കാം.

### വനസമ്പത്ത്

കേരളത്തിന്റെ 28.98% ഭാഗം വന പ്രദേശമാണ്. ഇവിടെ നിന്നും ഓരോ വർഷവും ധാരാളം സമ്പത്ത് പല വഴികളിലായി ലഭിക്കുന്നുണ്ട്. വന ഉൽപ്പന്നങ്ങളായ തടി കൾ, ചെറു തടികൾ, തീപ്പെട്ടിപോലുള്ള നിർമ്മാണത്തിനു പകരിക്കുന്ന പാഴ്തടികൾ, കടലാസു നിർമ്മാണത്തിനും മറ്റുമുള്ള മുളകൾ, വിറകുകൾ മുതലായ സമ്പത്തു ലഭി ക്കുന്ന ധാരാളം വസ്തുക്കൾ വന മേഖലയിൽ നിന്നും ഉണ്ടാ

കുന്നു. ഇവയുടെയെല്ലാം കൃത്യമായ കണക്കും, അവയുടെ വിലകളും മുഖ്യവനപാലകനിൽ (CCF)ലഭ്യമാണ്. ഇങ്ങ നെയൊക്കെയാണെങ്കിലും പലതരത്തിലും വനമേഖലയിൽ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇതു നികത്താൻ മൊത്ത കണ ക്കിന്റെ 10% ആനുകൂല്യം രേഖപ്പെടുത്തിയതിന്റെ പുറത്ത് ആഗോളമായി തന്നെ കൊടുക്കുന്നുണ്ട്. ഈ വിധത്തിൽ വന മേഖലയിലെ സമ്പത്ത് നിർണയിക്കുന്നു.

## മത്സ്യ സമ്പത്ത്

കേരളത്തിന്റെ പടിഞ്ഞാറൻ ഭാഗം മുഴുവൻ കടൽത്തീ രമാണ്. അതിനാൽ ധാരാളം മത്സ്യസമ്പത്ത് കേരളത്തിനു ണ്ട്. കൂടാതെ കരയിലേക്ക് കയറിയാൽ ധാരാളം കായലു കളും ചെറു തടാകങ്ങളും, ധാരാളം നദികളും, തോടും, പാടശേഖരങ്ങളും, എല്ലാമുണ്ട്. ഇവയിലെല്ലാം ധാരാളം മത്സ്യ സമ്പത്തും മത്സ്യമല്ലാത്ത മറ്റു ജല സമ്പത്തുമുണ്ട്. ഇവയിൽ കൂടുതലും ഭക്ഷ്യ ഉല്പന്നമായി ഉപയോഗിക്കുക യും, കയറ്റുമതി ചെയ്ത് വരുമാനം ഉണ്ടാക്കുകയും ചെയ്യു ന്നു. വ്യാപകമായി കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നുണ്ട്. ധാരാളം തൊഴിലാളി കൾ മത്സ്യബന്ധനമേഖലയിൽ ജോലിചെയ്യുന്നുമുണ്ട്. ചെമ്മീൻപോലുള്ളവ പ്രശസ്തവുമാണ്.

മത്സ്യ മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങളെ രണ്ടായി തരംതിരിച്ചാണ് ഈ മേഖലയിൽ നിന്നുള്ള വരുമാനം നിർണയിക്കുന്നത്. സമുദ്ര ഉല്പന്നങ്ങൾ, ഉൾനാടൻ ഉല്പന്നങ്ങൾ എന്നിവയാണവ. മത്സ്യമേഖലയിലെ സാമ്പിൾ സർവ്വേ, പ്രധാന സ്ഥലങ്ങളിലെ ചന്തകളിലെ വില്പനകേന്ദ്രങ്ങൾ എന്നിവകളിൽ നിന്നും മത്സ്യത്തിന്റെ അളവും ശരാശരി വിലകളും ലഭിക്കുന്നു. ഇവ ഫിഷറീസ് വകുപ്പുകളിൽ നിന്നും ശേഖരിച്ച് ഈ മേഖലയിലെ വരുമാനം നിർണയിക്കുന്നു.

**ഖനനം/ ക്വാറികൾ**

ഖനനവും ക്വാറികളും പ്രദേശികാടിസ്ഥാനത്തിൽ നടത്തുന്നവയല്ല. ഈ മേഖല ഭാഗികമായി ദേശസാല്കരിച്ചിരിക്കുന്ന ഒന്നാണ്. ഈ മേഖലയിലെ വരുമാനം കേന്ദ്ര സർക്കാർ നേരിട്ടു കണക്കാക്കുകയും, ഓരോ സംസ്ഥാനത്തിന്റെ വിഹിതം കേന്ദ്രം അറിയിക്കുകയും ചെയ്യുന്നു.

ഖനനത്തിലൂടെ ലഭിക്കുന്ന ഉല്പന്നങ്ങൾ കൽക്കരി, എണ്ണ, ലോഹ അയിരുകൾ, മറ്റു ധാതുക്കൾ തുടങ്ങിയവയാണ്. ഇവയുടെല്ലാം വിവരങ്ങൾ ശേഖരിക്കുന്നത് Indian Buseau of Mines (IBM) ആണ്. ഈ സ്ഥാപനമാണ് സംസ്ഥാന വിഹിതം കണക്കാക്കുന്നത്.

## ദ്വിതീയ മേഖല (Secondary Sector)

### രജിസ്റ്റർ ചെയ്ത വ്യവസായങ്ങൾ

ഈ മേഖലയെ സംബന്ധിച്ചു വർഷം തോറും സർവ്വേ നടത്തി വ്യവസായ മേഖലകളിലെ തൊഴിൽ ശക്തി ഇവിടുന്നുണ്ടാകുന്ന ഉല്പാദനം, ചെലവാക്കേണ്ടിവരുന്ന ചെലവുകൾ എന്നിവയെല്ലാം പഠിച്ച് റിപ്പോർട്ടാക്കുന്നു. ഈ സർവ്വേയെ Annual Survey of Industries (ASI) എന്നാണ് അറിയുന്നത്. കൂടാതെ വ്യവസായ വളർച്ചാസൂചികകളും (IIP) തയ്യാറാക്കപ്പെടുന്നു. വ്യവസായ വളർച്ചയിലെ മൊത്ത വില സൂചികയും (WPI) കണക്കാക്കിയെടുക്കുന്നു. ഇവയെല്ലാമുപയോഗിച്ച് ഈ മേഖലയിലെ ഉല്പാദന വരുമാനം കണക്കാകിയശേഷം, ഇവിടെ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ചെലവുകൾ, ഉപയോഗിക്കുന്ന ഉർജ്ജം (വൈദ്യുതി) പുറമെനിന്നു വേണ്ടിവരുന്ന സേവനങ്ങൾ, ബാങ്ക് ഘടകങ്ങൾ എന്നിവയെല്ലാം കണക്കാക്കി ഈ മേഖലയിലെ GSDP/NSDP കണക്കാക്കുന്നു.

കേരളത്തിൽ വ്യവസായ മേഖലയിൽ വരുന്ന ഘടകങ്ങൾ, ഭക്ഷ്യ ഉല്പന്നങ്ങൾ, പാൽ ഉല്പന്നങ്ങൾ കാലിത്തീറ്റകൾ എന്നിവയുടെ ഉല്പാദനം, ബിവറേജസ്, പുകയിലയുപയോഗിച്ചുള്ള ഇനങ്ങൾ, തുണിത്തരങ്ങൾ നെയ്ത്, തുണിയുപയോഗിച്ചുള്ള മറ്റു ഇനങ്ങൾ, തടി, ഫർണിച്ചർ, പേപ്പർ, പേപ്പറുപയോഗിച്ചുള്ള മറ്റുല്പന്നങ്ങൾ, പെട്രോളിയം

ഉല്പന്നങ്ങൾ, രാസവസ്തുക്കൾ, ലോഹേതര ധാതുക്കൾ, ഉപയോഗ ശൂന്യലോഹങ്ങളുടെ പുനർ നിർമ്മാണം, മെഷീനുകൾ, ഇലക്ട്രിക് ഉപകരണങ്ങൾ, മരുന്നുകൾ, കണ്ണടകൾ, മോട്ടോർ വാഹനങ്ങൾ, ട്രെയിലറുകൾ മുതലായവകളുടെ നിർമ്മാണങ്ങൾ എന്നിവയാണ്.

**രജിസ്റ്റർ ചെയ്യാത്ത വ്യവസായങ്ങൾ**

ഈ മേഖലയിലെ ഉല്പാദനം കൃത്യമായ രീതിയിൽ കണക്കാക്കുക സാധ്യമായ കാര്യമല്ല. NSSO യും മറ്റു ചില സർക്കാർ സംരഭങ്ങളും ഇടയ്ക്കിടെ നടത്തുന്ന സാമ്പിൾ സർവ്വെ വഴി ലഭിക്കുന്ന ഉല്പാദന അളവും, ജനസംഖ്യാ കണക്കിൽ (Census) നിന്നും ലഭിക്കുന്ന ഈ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ എണ്ണവും (Work Force) ഉപയോഗിക്കുന്നു. സർവ്വെകളിൽ നിന്ന് ഒരു തൊഴിലാളിയിൽ നിന്നുണ്ടാകുന്ന വരുമാനം ശേഖരിക്കുന്നു. ഇതിനെ തൊഴിലാളികളുടെ എണ്ണം കൊണ്ടു ഗുണിച്ചാൽ ആകെ വരുമാനം കണക്കാക്കാൻ ഇവിടെയും IIP യും WPI ഉപയോഗപ്പെടുത്തുന്നു.

ഈ അസംഘടിത മേഖലയിലെ വരുമാനം ശരിയായി എസ്റ്റിമേറ്റു ചെയ്യാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. കുടുതൽ പഠനം ആവശ്യമുള്ള ഒരു മേഖലയാണിത്. ഈ മേഖലയിലെ കേരളത്തിലെ ഘടകങ്ങൾ രജിസ്റ്റർ ചെയ്ത വ്യവസായ മേഖലയിലെ ഘടകങ്ങൾ തന്നെയാണ്.

**വൈദ്യുതി, ഗ്യാസ്, ജലവിതരണം**

ഇപ്പറഞ്ഞ മേഖലകളിലെ വരുമാനം എസ്റ്റിമേറ്റ് ചെയ്യുന്നത്, ഈ മൂന്നിടങ്ങളിലും പ്രവർത്തിക്കുന്ന തൊഴിലാളികൾ നടത്തുന്ന സേവനങ്ങൾക്കു കൊടുക്കുന്ന ആനുകൂല്യത്തിന്റേയും ഇവ പ്രവർത്തിക്കുന്നതിനുവേണ്ടി വരുന്ന അധിക ചെലവുകളുടേയും അടിസ്ഥാനത്തിലാണ്. ഇതിനുവേണ്ടി വരുന്ന കണക്കുകൾ കേരള വൈദ്യുതി ബോർഡിന്റേയും കേരള വാട്ടർ അതോരിറ്റിയുടേയും വാർഷിക സാമ്പത്തിക കണക്കുകളുടേയും ഇവയുടെ കേന്ദ്ര പൂളിംഗിൽനിന്നുള്ള ഭാഗം C.S.O യും, ഗ്യാസിന്റെ കേരള വിഹിതം C.S.O യിൽ ലഭിക്കുന്നു. ഇവ ഉപയോഗിച്ച് ഈ ഉപ മേഖലയിലെ വരുമാനം കണക്കാക്കുന്നു.

**നിർമ്മാണം**

ദ്വിതീയ മേഖലയിലെ മറ്റൊരു ഉപ ഘടകമാണ് നിർമ്മാണ മേഖല. നിർമ്മാണ മേഖലയെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. സിമന്റ്, കമ്പി, ഇഷ്ടികകൾ, വൈദ്യുതി, ജലസേചന-ആരോഗ്യ സംബന്ധ ഫിറ്റിംഗുകൾ, മറ്റു വ്യാവസായിക ഉൽപന്നങ്ങൾ എന്നിവയെല്ലാമുൾപ്പെടുന്ന പക്കാ നിർമ്മാണം, ഇതൊന്നുമുപയോഗിക്കാതെ മണ്ണ്, പുല്ല്, ഓല, മുളകൾ എന്നിവയെല്ലാമുപയോഗിക്കുന്ന കച്ചാ നിർമ്മാണം എന്നിവയാണവ. ഇവയിൽ രണ്ടാമത്തെ വിഭാഗം കൂടുതലും കാണുന്നത് ഗ്രാമീണ മേഖലയിലാണ്. ഒന്നാമത്തെ

വിഭാഗത്തിൽ നിന്നുണ്ടാകുന്ന വരുമാനം കണക്കാക്കാൻ ASI, ലേബർ & ഹൗസിംഗ്, IIP എന്നീവയിലെ വിവരങ്ങളും, Index കളും ഉപയോഗിക്കുന്നു. കച്ചാ നിർമ്മാണ മേഖലയിലെ വരുമാനം കണക്കാക്കാൻ NSSO തുടങ്ങിയ ഏജൻസികൾ നടത്തുന്ന സർവ്വെകളിൽ നിന്നും മറ്റും ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിക്കുന്നു.

### തൃതീയ മേഖല

**ഗതാഗതം, സംഭരണം, വാർത്താവിനിമയം**

"വരുമാന രീതി"യാണ് ഇവിടെ ഉപയോഗിക്കുന്നത്.

ആദ്യ ഇനമായ ഗതാഗതത്തെ റെയിൽ, റോഡ്, ജല, വായു ഗതാഗതം എന്ന് തിരിച്ചിട്ടുണ്ട്. ഇതിൽ റോഡുഗതാഗതം, ജലഗതാഗതം ഭാഗികമായും സംസ്ഥാന സർക്കാർ കൈകാര്യം ചെയ്യുന്നു. റെയിൽ, ഷിപ്പിംഗ്, വിമാന സർവീസുകൾ കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്നു. ഇതിൽനിന്നുണ്ടാകുന്ന സംസ്ഥാന വരുമാനഭാഗം CSO, തരുന്നു. റോഡു ഗതാഗതത്തെതന്നെ സർക്കാർ ഉടമസ്ഥതയിലുള്ളത്, സ്വകാര്യമേഖലയിലുള്ളത് എന്നും തിരിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള വരുമാനം കണക്കാക്കാൻ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷന്റെ വാർഷിക കണക്കുകളും, ട്രാൻസ്പോർട്ട് വകുപ്പിൽനിന്നും ലഭിക്കുന്ന വാഹനങ്ങളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം എന്നിവയെല്ലാം ഉപയോഗിക്കുന്നു.

ജല ഗതാഗത വരുമാനം ലഭിക്കുന്നത് സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിൽ നിന്നാണ്.

"സംഭരണം " (Storage) വിഭാഗത്തിലെ വരുമാനം സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപറേഷനിൽ നിന്നും ബാക്കിയുള്ളത് ചില സാമ്പിൾ പഠനങ്ങളിൽ നിന്ന് എസ്റ്റി മേറ്റ് ചെയ്തും കണക്കാക്കുന്നു.

"വാർത്താ വിനിമയത്തിൽ " നിന്നുള്ള വരുമാനം കണക്കാക്കുവാൻ എളുപ്പമുള്ള കാര്യമാണ്. കാരണം ഇതിന്റെ കണക്കുകൾ സർക്കാർ രേഖകളിൽ നിന്നും ബഡ്ജറ്റുകളിൽ നിന്നും കൃത്യമായി കിട്ടുന്നു. വാർത്താ വിനിമയം കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്നതായ തിനാൽ ഈ വിഭാഗത്തിലെ സംസ്ഥാനഭാഗം CSO നേരി ട്ടുതരുന്നു. (പ്രൈവറ്റ് വാർത്താവിതരണം ഇപ്പോൾ ഉൾപ്പെ ടുത്തിയിരിക്കുന്നു.)

**ബാങ്കിംഗ് ഇൻഷറൻസ്**

ബാങ്കിംഗ് (കൊമേർഷ്യൽ, മറ്റുള്ളവ രംഗത്തു നിന്നു യരുന്ന വരുമാനം നിർണയിക്കുന്നതിന് റിസർച്ച് ബാങ്കിനെ യാണ് ആശ്രയിക്കുന്നത്. ഇതിന്റെ സംസ്ഥാനഭാഗം □□□ യിൽ നിന്നും ലഭിക്കുന്നു.

ഇൻഷുറൻസ് ഉപമേഖലയിലെ വരുമാനം നിർണ യിക്കാൻ ധനകാര്യ സ്ഥാപനങ്ങളേയും, ഇൻഷുറൻസ്

കമ്പനികളുടെ വാർഷിക ധന കണക്കുകളേയും ഉപയോഗിക്കപ്പെടുന്നു. സംസ്ഥാനഭാഗം CSO തരുന്നു.

**റിയൽ എസ്റ്റേറ്റ്, വാടക, ബിസിനസ്**

റിയൽ എസ്റ്റേറ്റ് ഘടകത്തെ രണ്ടായി തിരിച്ചിട്ടുണ്ട്. സംഘടിതം, അസംഘടിതം എന്നിങ്ങനെ. ഇതിൽ സംഘടിത മേഖലയിലെ വരുമാനം അതാത് കമ്പനികളിൽ നിന്നും ലഭിക്കുന്നു.

എന്നാൽ അസംഘടിത മേഖലയിലെ വരുമാനം കണക്കാക്കാനുള്ള കണക്കുകൾ വിശ്വസനീയമായ രീതിയിൽ ലഭിക്കുകയില്ല എന്നുതന്നെ പറയാം. അതിനാൽ അസംഘടിത റിയൽ എസ്റ്റേറ്റിലെ വരുമാനം സംഘടിത മേഖലയിലെ വരുമാനവുമായി താരതമ്യപ്പെടുത്തി ഒരു പ്രത്യേക രീതിയിൽ (റേഷ്യോയിൽ) എസ്റ്റിമേറ്റു ചെയ്യുകയാണ് ചെയ്യുന്നത്. ഇതിൽ ഒരു വലിയ വിടവ് നിലനിൽക്കുന്നുണ്ട്.

"വാടക" യിനത്തിലെ വരുമാനം കണക്കാക്കാനുള്ള വിവരങ്ങൾ പഞ്ചായത്ത് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്നു.

മറ്റു കച്ചവടങ്ങളിൽ നിന്നുള്ള GVA കണക്കാക്കാൻ NSSO, യുടെയും ചില സാമ്പിൾ സർവ്വേകൾ പഠനങ്ങൾ എന്നിവകളിൽ നിന്നും ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം

വേതനം എന്നിവയെല്ലാം ഉപയോഗിക്കുന്നു. CPI Wage Acts മുതലായ സൂചികളുടെ സഹായവും ഉപയോഗപ്പെടുത്തുന്നു.

**പൊതുഭരണം, പ്രതിരോധം**

ഈ മേഖലയിലെ വരുമാനം എന്നാൽ ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്കുവേണ്ടി ചെലവാക്കുന്ന ശമ്പളം, ആനുകൂല്യങ്ങൾ എന്നിവതന്നെയാണ്. ഇതിന്റെ കണക്കുകൾ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ നിന്നും ലഭിക്കുന്നു.

**കച്ചവടം, ഹോട്ടൽ, റെസ്റ്റോറന്റ്**

ഈ മൂന്ന് ഉപമേഖലകളിലെയും വരുമാനം കണക്കാക്കുവാൻ ഈ ഘട്ടങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണവും, അവർക്കു ലഭിക്കുന്ന വേതനവും വർഷാവർഷങ്ങളിലെ വളർച്ചാ നിരക്കും ഉപയോഗിച്ച് കണക്കാക്കിയെടുക്കുന്നു.

**മറ്റു സേവനങ്ങൾ**

ഇവിടെ പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ

1. വിദ്യാഭ്യാസ മേഖല

സ്കൂൾ, കോളേജ്, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അധ്യാപകർ, അധ്യാപകേതര ജീവനക്കാർ എന്നിവരാൽ നടത്തപ്പെടുന്ന സേവനം.

2. മെഡിക്കൽ, ആരോഗ്യ മേഖല

ഡോക്ടർമാർ, നേഴ്സുമാർ, മറ്റു ജീവനക്കാർ എന്നി വരടങ്ങുന്ന സേവനം.

3. റിക്രിയേഷൻ, വിനോദ മേഖല

പാട്ട്, നൃത്തം, സിനിമ മുതലായ വിനോദ മേഖല യിൽ ഉൾപ്പെടുന്നവരുടെ സേവനം.

4. വ്യക്തിയധിഷ്ഠിത സേവനം

ബ്യൂട്ടിഷാപ്പ്, ബാർബർ ഷോപ്പ്, സെർവന്റ്സ്, ബൂത്ത് തുടങ്ങിയ സേവനം.

**വിദേശത്തു നിന്നുള്ള വരുമാനം**

നമ്മുടെ നാട്ടിൽ നിന്നും കയറ്റുമതി, വിദേശ രാജ്യ ങ്ങളിൽ ജോലി ചെയ്യുന്ന നാട്ടുകാർ മുതലായ മാർഗ്ഗങ്ങളി ലൂടെ ധാരളം വിദേശവരുമാനം ഇന്ത്യയിലേയ്ക്ക് എത്തു ന്നുണ്ട്.

**ദേശീയ വരുമാനം**

ഇന്ത്യയുടെ ആഭ്യന്തര വരുമാനത്തിന്റെ കൂടെ വിദേശ വരുമാനഭാഗം കൂടി കണക്കാക്കുമ്പോൾ ദേശീയ വരുമാനം ലഭിക്കുന്നു.

ദേശീയ വരുമാനം = ആഭ്യന്തര വരുമാനം+ വിദേശവരു മാനം - മൂല്യശോഷണം

(NNP = NDP + NAP - CFC)

വിദേശത്തു നിന്നും വരുന്ന വരുമാനത്തിന്റെ കണക്കുകൾ (Estimate) റിസർവ് ബാങ്ക് ശേഖരിക്കുകയും, ക്രോഡീകരിച്ച് വർഷം തോറും 'India's Balance of Payment Accounts by RBI' എന്ന പേരിൽ പ്രസിദ്ധികരിക്കുകയും ചെയ്യുന്നുണ്ട്. ഈ രേഖകളിൽ നിന്നും വിദേശ വരുമാന ഭാഗം കണ്ടെത്താവുന്നതാണ്.

**ചില സൂത്രവാക്യങ്ങൾ - പൂർണ്ണ രൂപങ്ങൾ**

| | | |
|---|---|---|
| NVA | - | Net Value Added |
| GVA | - | Gross Value Added |
| GVO | - | Gross Value Output |
| IC | - | Input Cost |
| FISIM | - | Financial Intermediately Service Indirectly measured |
| CFC | - | Consumption of Fixed |
| Capital | | |
| GSDP | - | Gross State Domestic |
| Product | | |
| NSDP | - | Net State Domestic Product |
| PCI | - | Per Capital Income |
| PS | - | Population of State |
| PI | - | Population of India |

| | | |
|---|---|---|
| IBC | - | Imputed Bank Charges |
| NI | - | National Income |
| NAP | - | Net Abroad Product |

| | | |
|---|---|---|
| FISIM | = | IBC |
| GVA | = | GVO - IC |
| GSDP | = | GVA-FISIM |
| PCI (Gross) | = | GSDP/Ps |
| NSDP | = | GSDP -CFC |
| PCI (Net) | = | NSDP/Ps |
| GNDP | = | Σ GSDP |
| NNDP | = | Σ NSDP |
| PCF | = | GNDP/Ps |
| PCI | = | NNDP/Ps |
| NI | = | GNDP+ Income form Abroad |

407

ഗവൺമെന്റ് സെൻട്രൽ പ്രസ്, തിരുവനന്തപുരം 2007.